മി. സ്പീക്കർ: 'ഓർഡർ, ഓർഡർ. സഭ ഇപ്പോഴത്തെ പിരിയുന്നതും ഇന്നു തന്നെ വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.25–ന് സഭ പിരിഞ്ഞു.)

(നിയമസഭ വൈകുന്നേരം 4 മണിക്ക് വീണ്ടും മി. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ സമ്മേളിച്ചു.)

## നിയമനിർമ്മാണകാര്യം—(തുടർച്ച)

### (1) 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

### വകുപ്പുതിരിച്ചുള്ള പരിഗണന

### രണ്ടും മൂന്നും നാലും വകുപ്പുകൾ

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

### ഒന്നാം വകുപ്പും പീഠികയും പേരും.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 1986–ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങളിൽ വളരെയേറെ തെറ്റിദ്ധാരണ വർദ്ധിപ്പിക്കുന്ന രീതിയിൽ പത്രങ്ങളിലും ആൾ ഇൻഡ്യാ റേഡിയോയിലും പ്രസിദ്ധീ

LIBRARY ARCHIVES Kerala Legislative Assembly

കരണം വന്നിരിക്കുകയാണ്. കാരണം, എം. എൽ. എ. മാരുടെ ആനുകൂല്യങ്ങളേയും അവകാശങ്ങളേയും സംബന്ധിച്ച രണ്ട് ബില്ലുകളും ഒരേ സമയത്ത് നോട്ടിഫൈ ചെയ്തിരിക്കുകയാണ്. ഇത് രണ്ടാണെന്നോ അതിൽ ഒന്നാണ് ഇവിടെ അവതരിപ്പിക്കുന്നത് എന്നൊന്നും പത്രങ്ങളിലെ റിപ്പോർട്ടുകളും വായിച്ചാൽ മനസ്സിലാകുകയില്ല. ഇത് യാത്രാബത്തയെ സംബന്ധിച്ച ബില്ല് മാത്രമാണ്. അതിനോടൊപ്പംതന്നെ എം.എൽ.എ. മാരുടെ പെൻഷൻ ആയിരം രൂപയാക്കി വർദ്ധിപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ളതും ഒരുമിച്ചാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എം. എൽ. എ. മാരുടെ അവകാശങ്ങളെ സംബന്ധിച്ച് ബിൽ ഇത്രധൃതിപിടിച്ച് പാസ്സാക്കിക്കൊള്ളണമെന്നു പറഞ്ഞാൽ എങ്ങനെയാണ്? ഈ ബില്ലിനെ സംബന്ധിച്ച് യാത്രാബത്ത, പെൻഷൻ ഇതെല്ലാം ചേർന്നുകൊണ്ടുള്ള ഒന്നായാണ് വാർത്ത വന്നിരിക്കുന്നത്. പത്രങ്ങളിൽ മാത്രമല്ല, റേഡിയോയിലും വാർത്ത വന്നിട്ടുണ്ട്. ഇവിടെ ഇപ്പോൾ അവതരിപ്പിച്ചതും നമ്മൾ പാസ്സാക്കുന്നതും യാത്രാബത്ത ബിൽ മാത്രമാണ്. ഈ സഭയിലെ കീഴ്വഴക്കമനുസരിച്ച് എം. എൽ. എ. മാരുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും സംബന്ധിച്ച ബിൽ വന്നാൽ സാധാരണ നിലയിൽ അതിനെപ്പറ്റി ചർച്ച വരാറില്ല. അതിനെ ആരും എതിർക്കാറില്ല. അങ്ങനെ ഒരു ബിൽ വന്നു എന്നു പറഞ്ഞാൽ തന്നെ അത് നടപ്പിലായി എന്നാണ് പൊതുജനമദ്ധ്യത്തിലുള്ള ധാരണ. കാരണം, എല്ലാ പാർട്ടി ലീഡേഴ്സുമായി ചർച്ച ചെയ്ത് ഒരു കോൺസെൻസസ് എടുത്തതിനു ശേഷമാണ് ഇതുപോലുള്ള ബില്ലുകൾ ഈ സഭയിൽ അവതരിപ്പിക്കുന്നത കീഴ്വഴക്കം. ഈ യാത്രാബത്ത ബില്ലിനെ സംബന്ധിച്ചിടത്തോളവും കീഴ്വഴക്കം പാലിച്ചിട്ടുണ്ട്. പക്ഷേ അതിന്റെ കൂടെ പ്രസിദ്ധീകരണത്തിന് കൊടുത്ത ഈ പെൻഷൻ വർദ്ധിപ്പിച്ചുകൊണ്ടുള്ളബില്ലിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു കോൺസെൻസസ് എടുത്തിട്ടില്ല. അതിനെ സംബന്ധിച്ചിടത്തോളം പാർട്ടി ലീഡേഴ്സുമായി ചർച്ച നടത്തിയപ്പോൾ അങ്ങനെയൊരു തീരുമാനം കൊണ്ടുവരാൻ പാടില്ലാ എന്നാണ് ഞങ്ങൾ പറഞ്ഞിരുന്നത്. ആ സാഹചര്യത്തിൽ ഇത് രണ്ടും ഒരുമിച്ച് ഗസറ്റിൽ നോട്ടിഫൈ ചെയ്തു. അങ്ങനെ ഗസറ്റിൽ നോട്ടിഫൈ ചെയ്തതുകൊണ്ട് ആണ് പൊതുജനമദ്ധ്യത്തിൽ ഇപ്രകാരമൊരു ധാരണ വന്നിട്ടുള്ളത്. ഇതുപോലുള്ള കീഴ്വഴക്കമനുസരിച്ചാണ് അങ്ങനെയൊരു ബിൽ ഗവൺമെന്റ് കൊണ്ടുവരുന്നത് എന്നു പറഞ്ഞാൽ, ഒരു കോൺസെൻസസിന്റെ അടിസ്ഥാനത്തിലാണ് എല്ലാ പാർട്ടികളും ഒരുമിച്ചാണ് ബിൽ കൊണ്ടുവരുന്നത്. അത് നിയമമായിക്കഴിഞ്ഞിരിക്കുകയാണ് എന്നതാണ് പൊതുജനമദ്ധ്യത്തിലുള്ള ധാരണ. ഈ ധാരണ തിരുത്തേണ്ടതുണ്ട്. യാത്രാബത്ത ബില്ലിനെ സംബന്ധിച്ചു മാത്രമാണ് കോൺസെൻസിൽ എത്തിയിട്ടുള്ളത്. അത് മാത്രമാണ് ഇവിടെ അവതരിപ്പിച്ചത്. അതുമാത്രമാണ്, ഞങ്ങൾ അംഗീകരിച്ചത്. ഇവിടെ ഈ നിയമസഭയുടെ ആരംഭകാലത്ത് 1952–ൽ ഞാൻ ഈ തിരുകൊച്ചി നിയമസഭയിൽ വരുമ്പോൾ അന്നുള്ള യാത്രാബത്ത നിയമം അന്നത്തെ ക്ലാസ് വൺ ഓഫീസർമാരുടെ മൈലേജ് റേറ്റ് അനുസരിച്ചാണ്. അത് കാലാകാലങ്ങളിൽ ക്ലാസ് വൺ ഓഫീസർമാരുടെ റേറ്റ് വർദ്ധിക്കുന്നതനുസരിച്ച് വർദ്ധിപ്പിക്കാറുണ്ട്. അതുപോലുള്ള ഒരു ബിൽ ആയതുകൊണ്ടാണ് ഇതിൽ പ്രത്യേകിച്ച് ചർച്ചയ്ക്കൊന്നും പോകാതെ അംഗീകരിച്ചത്. പക്ഷേ അതിന്റെ കൂടെ ആയിരം ഉറുപ്പികയായി പെൻഷൻ വർദ്ധിപ്പിക്കുന്നുവെന്നുള്ള നിലയിൽ വരുന്നത്, ഇന്ന് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വച്ച് ഏറ്റവും വലിയ പെൻഷൻ അനുവദിച്ചിരിക്കുന്നു, ഇങ്ങനെ പോകുന്നു പ്രചരണ വേലകൾ. അതിന്

LIBRARY ARCHIVES Kerala Legislative Assembly

ആരാണ് ഉത്തരവാദി? അത് തിരുത്തണം. അതുകൊണ്ട് അങ്ങനെ ഒരു ബില്ലിന് ഇവിടെ പ്രതിപക്ഷ പാർട്ടികളും ഒന്നും അംഗീകാരം കൊടുത്തിട്ടില്ല. ഇത് ഇപ്പോഴും അംഗീകരിച്ചത് ഇതൊരു സാധാരണ നടപടിക്രമം ആയതുകൊണ്ടാണ്. കാലാകാലങ്ങളിൽ ഈ നിയമസഭ അംഗീകരിച്ചു പോരുന്ന നടപടിയായതുകൊണ്ട് മാത്രം അംഗീകരിച്ചതാണ്. അതുകൊണ്ട് പൊതുജനമദ്ധ്യത്തിലുണ്ടായിട്ടുള്ള ആ തെറ്റിദ്ധാരണ തിരുത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്.

മി. സ്പീക്കർ: പെൻഷൻ സംബന്ധിച്ച ബിൽ സഭയുടെ മുൻപിലില്ല. അത് സഭയുടെ മുൻപിൽ ഇൻട്രോഡ്യൂസ് ചെയ്തിട്ടില്ല.

ഡോ. കെ. സി. ജോസഫ്: സർ, ഒരു വാക്ക് പറയാൻ അനുവദിക്കണം. യാത്രാബത്തയെ സംബന്ധിച്ചിടത്തോളം ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞത് ഏറ്റവും ശരിയായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എല്ലാ കാലവും ക്ലാസ് വൺ ഓഫീസേഴ്സിന് തുല്യമായ റി.എ. ആണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. കാലാകാലങ്ങളിൽ ക്ലാസ് വൺ ഓഫീസർമാർക്ക് വർദ്ധനവുണ്ടാകുമ്പോൾ അതിനനുസരിച്ച് മെമ്പർമാർക്കും ലഭിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് ഇത്. ഇവിടെ ജനറൽ കോൺസെൻസസിനെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. എന്നാൽ പെൻഷനെ സംബന്ധിച്ചിടത്തോളം ചില കൂടിയാലോചനകളും നടന്നിരുന്നു. 750 രൂപ മാക്സിമം പെൻഷൻ ആക്കുന്നത് സംബന്ധിച്ച് ചില ചർച്ചകളും നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർ അവർ ആലോചിച്ചതിനുശേഷം പിന്നീട് അറിയിക്കാമെന്നാണ് പറഞ്ഞത്. എന്നാൽ അവർ അക്കാര്യം ആലോചിക്കുന്നതിനിടയിൽ ബിൽ പ്രിപ്പയർ ചെയ്തു കൊള്ളുവാനുള്ള അനുവാദം തന്നു. ഇതിനെക്കുറിച്ചുള്ള പ്രിപ്പറേഷന്റെ സമയത്ത്, ലോക്സഭാംഗങ്ങൾക്ക് ആയിരം രൂപയാണ് പെൻഷൻ ആയി നിശ്ചയിച്ചിരിക്കുന്നത് എന്ന് ഗവൺമെന്റിന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിലാണ്,....ഇതിനു മുൻപ് ലോക്സഭാംഗങ്ങൾക്ക് കൊടുക്കുന്ന അതേ പെൻഷൻ തന്നെ കൊടുക്കണമെന്നാണ് തീരുമാനിച്ചിരുന്നത്. അതുകൊണ്ടാണ് ഇപ്രകാരം ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. ആ പശ്ചാത്തലത്തിലാണ് ആ നിലയിൽ പ്രിപ്പയർ ചെയ്തത്.. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ചില മെമ്പർമാർക്ക് അതിനെ സംബന്ധിച്ച് ചില അഭിപ്രായവ്യത്യാസങ്ങളും ഉള്ളതായി ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ മെമ്പർമാരുടെ പെൻഷനെ സംബന്ധിച്ചുള്ള ഭേദഗതി ബിൽ അവതരിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ഇത് അവതരിപ്പിക്കാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ: അന്ന് ഞങ്ങളാരും അംഗീകരിച്ചിരുന്നില്ല. വെറുതേ ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. യാത്രാബത്തയുടെ കാര്യത്തിൽ മാത്രമേ ഞങ്ങൾ ചർച്ച ചെയ്ത് ഒരു തീരുമാനത്തിൽ എത്തിയിട്ടുള്ളൂ.

മി. സ്പീക്കർ: സഭയുടെ മുൻപിൽ ഇപ്പോൾ അങ്ങനെയൊരു ബിൽ ഇല്ല.

ശ്രീ. എം. എം. ഹസ്സൻ: സർ, ബിൽ പരിഗണനയിൽ ഇല്ലെങ്കിൽ പിന്നെ ഇതൊരു ചർച്ചാ വിഷയം ആകേണ്ടതില്ലല്ലോ.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: ഇത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള കാര്യം, ഇതുവരെയുള്ള നടപടികളും എന്താണെന്ന് വച്ചാൽ ഇതുപോലുള്ള ആനുകൂല്യങ്ങളുടെ കാര്യം വരുമ്പോൾ സാധാരണയായി ചർച്ചയൊന്നും കൂടാതെ തന്നെ എല്ലാവരും യോജിച്ച് ഒരു തീരുമാനമെടുത്ത് അത് പാസ്സാക്കിക്കൊണ്ടുപോവുകയാണ്. പതിവ്. ഇപ്പോഴും അതിനു വിരുദ്ധമായി ബിൽ വന്നിരിക്കുന്നു. നാട്ടിൽ പ്രചരണം ആയിരിക്കുന്നു, വാർത്താ മാദ്ധ്യമങ്ങളിൽ പ്രചാരം നൽകിയിരിക്കുന്നു. 1000 രൂപ പെൻഷൻ 750 രൂപ അലവൻസ് വാങ്ങുന്ന എം. എൽ. എ.ക്ക് ആയിരം രൂപ പെൻഷൻ എന്ന് പറയാൻ എന്താണ് അവകാശം? അങ്ങനെയുള്ള കാര്യങ്ങളും ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇത് പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ജോസഫ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത് ബിൽ ഞങ്ങളും പറഞ്ഞത് അനുസരിച്ചാണ് ഡ്രാഫ്റ്റ് ചെയ്തത് എന്നാണ്. ഞങ്ങളോട് സംസാരിച്ചപ്പോൾ ഈ 750 രൂപയുടെ കാര്യത്തിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസം വന്നു. ഞങ്ങൾക്ക് കൺസൽട്ട് ചെയ്യേണ്ടിടത്തെല്ലാം കൺസൾട്ട് ചെയ്യേണ്ടതുണ്ട്. ബിൽ പ്രിപ്പയർ ചെയ്ത് പ്രസിദ്ധീകരിക്കാൻ ഞങ്ങൾ അനുവാദം കൊടുത്തിരുന്നില്ല. ബിൽ പ്രിപ്പയർ ചെയ്യുന്നുവെങ്കിൽ പ്രിപ്പയർ ചെയ്തുകൊള്ളിൻ, ഞങ്ങൾക്ക് ആവശ്യമുള്ളിടത്തെല്ലാം കൺസൽട്ട് ചെയ്തതിനുശേഷമേ ഒരു പൊതു അഭിപ്രായം തീരാൻ പറ്റുകയുള്ളൂ എന്നാണ് കെ. സി. ജോസഫിനോട് പറഞ്ഞിരുന്നത്. എന്നിട്ട് ഇപ്പോൾ അത് പ്രസിദ്ധീകരിച്ചിട്ട് ഇതുപോലുള്ള വാഗ്പ്രതിവാദങ്ങളുണ്ടാക്കി, മറ്റുവിധത്തിലുള്ള ലഹളയും ഉണ്ടാക്കിക്കഴിഞ്ഞതിനുശേഷം ഇത് ഇപ്പോൾ പറയാൻ വന്നതിന്റെ കാര്യമെന്താണ്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, മിസ്റ്റർ. കെ. പി. പ്രഭാകരൻ ഇവിടെ പറഞ്ഞതുപോലെ അൽപ്പം തെറ്റിദ്ധാരണ വന്നിട്ടുണ്ട്. പക്ഷേ ആ ബില്ലിനെ സംബന്ധിച്ചിടത്തോളം യാതൊരു തെറ്റിദ്ധാരണയുടെയും അവകാശമില്ല. ഫസ്റ്റ് ക്ലാസ് ഓഫീസർമാർക്ക് കിലോമീറ്ററിന് 95 പൈസയാണ് യാത്രാബത്ത ഉണ്ടായിരുന്നത്. ഫസ്റ്റ് ക്ലാസ് ഓഫീസേഴ്സിനേക്കാൾ എം. എൽ. എ. മാർ മോശമാണെന്ന് ഈ രാജ്യത്തെ ആരും പറയുമെന്ന് തോന്നുന്നില്ല. ആ 95 പൈസ 125 പൈസയാക്കി മാറ്റിയെന്നതാണ് ഇവിടെ ചെയ്തിരിക്കുന്നത്. അത് പണ്ടേ തീരുമാനിച്ചിട്ടുള്ളതാണ്. ഫസ്റ്റ് ക്ലാസ് ഓഫീസർമാരുടെ റേറ്റ് അനുസരിച്ചാണ് അത് തീരുമാനിച്ചിട്ടുള്ളത്. അന്ന് 95 പൈസയായിരുന്നതുകൊണ്ട് അത് മിനിമം ആയിരം രൂപയെന്നായിരുന്നു. ഇന്ന് 125 പൈസയാക്കിയതുകൊണ്ട് അതു മിനിമം 1250 രൂപയാക്കി എന്നേയുള്ളൂ. പിന്നെ ഒന്നുള്ളത് മൂന്നു പ്രാവശ്യം റെയിൽവേ ചാർജ്ജ് കൂട്ടി. പണ്ടത്തെ അയ്യായിരം രൂപ അനുസരിച്ച് റെയിൽവേ റേയ്റ്റ് റിവൈസ് ചെയ്തു പതിനായിരം രൂപയുടെ കൂപ്പണാക്കി എന്നേയുള്ളൂ. അല്ലാതെ എം. എൽ. എ. മാർക്ക് പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. മറ്റൊരു കാര്യമുള്ളത് എം. എൽ. എ. മാരുടെ പെൻഷനെക്കുറിച്ച് ഒരു തർക്കം വന്നു. അതുകൊണ്ട് ആ ബിൽ അവതരിപ്പിച്ചിട്ടില്ല. ഈ ഒരെണ്ണത്തിൽ യാതൊരു തർക്കത്തിന്റെയും ആവശ്യമില്ല. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

[1986-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി). ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.]

ബിൽ പാസ്സായി.

LIBRARY ARCHIVES Kerala Legislative Assembly